No.	Name of Manuscript.	No.	Name of Manuscript.
17	Prapanchasaravyakhya.	20	Jathakarmapaddhati.
18	Karanapaddhati.		Do. Bhasha.
	Triprasnadhyayavyakhya.	21	Nambiarude Tamiz
	Grihanadhyayavyakhya.	22	Gajendramoksham.
	Kriyakrama.		Panchalisvayamvaram.
	Chandracchayaganitadi.		Gandharvacharitam.
19	Dhruvacharitam Pattu.	23	Matangalilavyakhya.
	Kaskanavivaham.	24	Bharatavakyam.
	Ramayanam.	25	Bhagavatam Dasamavyakhya.
		26	Harivamsam Pattu.

List of Works published from the Office of the Curator for the Publication of Malayalam Manuscripts.

No.	Names of Works.	No.	Names of Works.
1	Gurudakshinappattu.	16	Parvatipanigrahanam.
2	Satamukharamayanam.	17	Praisham.
3	Bhadrolppatti.	18	Bhishmopadesam.
4	Parvatiparinayam.	19	Bhasha Ramayana Champu
5	Padappattu		(Ayodhya & Kishkindakand-
6	Kalyanasaugandikam.		ams).
7	Prahladacharitam.	20	Do. Do. Do.
8	Girijakalyanam.		(Sundara, Yuddha & Uttara-
9	Vyavaharamala.		kandams).
10	Srimad Bhagavatam Bhasha	21	Jatakapaddhati.
	(Volume I).	22	Bhashajatakapaddhati.
11	Krishnalila.	23	Prasnabhasha
12	Vimsati.	24	Muhurtapadavivyakhya.
13	Mokshadayakam.	25	Balasankaram (Purvabhagam).
14	Srimad Bhagavatam Bhasha	26	Aryabhatiyam.
	(Volume II).	27	Vaidyamanjari.
15	Bhasha Ramayana Champu	28	Jyolsnika.
	(Balakandam).		

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

Resolution re Homes for disabled destitutes.

PRESIDENT: The House will now proceed with the discussion on Mr. Thanu Pillai's resolution.

MR. A. THANU PILLAI (*Trivandrum*): Sir, I (was) trying (yesterday) to place before this House the circumstances that necessitate the opening of homes for disabled and destitute persons. Everybody knows that in this town of Trivandrum itself, there is a very large number of persons roaming about the town who are incapable of earning a living because of certain infirmities. We know that these persons live by begging and lodge themselves on public roads and other public places.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

It is very well known that some of the bandy sheds attached to the Public Offices afford shelter to a large number of these people. I need not dwell at any length on this aspect of the matter, because it is clear to any one who bestows a little thought on this subject that it is a great insult to humanity that these people who are placed in this unfortunate predicament are allowed to shift for themselves without having either anything to eat or any kind of protection either for their bodies by way of dress or against the sun and the rain. I ask whether it is not the duty of the State to make the necessary provision for this section of the population of the country? It is true they are born in this condition. Some of them are born disabled; some of them acquire illness after birth. Now, if it is not the duty of the State to make provision for their lodging and maintenance, may I know how they are to live? Is it consistent with our notions of humanity that these people ought to be utterly neglected as they are at present. The only explanation for the utter indifference shown in regard to this matter can be only on the assumption that this question relates to a set of unfortunate people who are by no means able to have their voice heard. Sir, we know that charity is the house-hold divinity of the Royal House of Travancore and real charity I need not state consists not in feeding and otherwise helping able bodied persons but in feeding and lodging persons whom I have in contemplation in this motion. I need not dwell on this aspect of the matter any longer. As I suggested yesterday even from another point of view the question is very important. It is a scandal that these people are let loose on society. I am not going to enlarge on this aspect of the question either. It is clearly the duty of the State. Steps should forthwith be taken to see that these people are protected in the way in which they should be. I am not unaware of the fact that there are certain sections of the Municipal Regulation to the effect that within Municipal areas the Municipal Councils should do the needful for providing lodging and food and other necessaries to these people.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know whether he includes within the scope of his recommendation disabled destitutes who do not belong to Travancore?

MR. A. THANU PILLAI (*Trivandrum*): Certainly. We are not expected to provide for disabled destitutes belonging to Madras or Bombay. I suppose that is the question. I mean disabled people belonging to Travancore.

MR. MURUVELIL PACHU PILLAI (*Shertallai*): കാണ്പൂർ മുതലായ സ്ഥലങ്ങളിൽനിന്നും ക്ഷാമം നിമിത്തം അളുകൾ കൂട്ടം കൂട്ടമായിട്ട് ഇവിടെ വരുന്നുണ്ടെന്നറിയാമോ?

MR. A. THANU PILLAI (*Trivandrum*): അവരെ ഇവിടെ താമസിപ്പിച്ച് അവർക്ക് വേണ്ട രക്ഷചെയ്യണമെന്നു ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI *(Shertallai)*: അവരെ ഇവിടെ കടത്തിവിടാതിരിക്കാൻ വല്ലവ്യവസ്ഥയും ചെയ്യേണ്ടതായിട്ടുണ്ടോ?

MR. A. THANU PILLAI *(Trivandrum)* : ആ സംഗതിയെപ്പറ്റി ഞാൻആലോചിച്ചിട്ടില്ല. ഇങ്ങിനെ ഒരു നിയമംഉണ്ടാക്കുന്നസംഗതിയെപറ്റി പെട്ടെന്ന ഒരു സമാധാനം പറയാൻ സാധിക്കുകയില്ല. ദരിദ്രരായ ആളുകൾക്ക് ഉപജീവനത്തിനായിട്ട് മറെറാരുസ്ഥലത്തേക്കു പോകുന്നതിനെ തടയാൻ സാധിക്കുമോ എന്നുള്ളതും സംശയമാണ്.

So far as my resolution is concerned we need not consider these questions.

MR. ITTOOP ITTEECHAN *(Kunnatnad)* : ഏതുപ്രകാരംഇവരെ രക്ഷിക്കണമെന്നാണ് മെംബരുടെ അഭിപ്രായം?

MR. A. THANU PILLAI *(Trivandrum)*: അവർക്കു താമസത്തിനു വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കണം. ആഹാരത്തിനു നിവൃത്തിഉണ്ടാക്കണം. ഇവരിൽ ചിലർ ജോലിചെയ്യുന്നതിനു തുണിയുള്ളവരായിരിക്കും. അവരെക്കൊണ്ടു സാധിക്കാവുന്നവിധത്തിലുള്ള ജോലികളെല്ലാം ചെയ്യിക്കണം.

MR. ITTOOP ITTEECHAN *(Kunnatnad)* : അതു ഗവണ്മെൻറിന്റെ പ്രത്യേകാനേഷണത്തിൽ നടത്തണമെന്നാണൊ? അതല്ല ഇപ്പോൾ ആരെങ്കിലും അങ്ങിനെ നടത്തുന്നുണ്ടെങ്കിൽ അവർക്കു വിട്ടുകൊടുക്കണമെന്നാണൊ?

MR. A. THANU PILLAI *(Trivandrum)* : അതു നടത്തണമെന്നാണ് എന്റെ ഉദ്ദേശം. പക്ഷെ മറാളുകൾ ആരുംതന്നെ വേണ്ടവിധത്തിൽ ഈ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ സ്ഥിതിക്ക് ഇതു വേറെ വല്ലവരേയുംകൊണ്ടു നടത്തിക്കാമെന്നുള്ളതു് ആലോചനക്കു വിഷയമാകുമോ എന്നു സംശയമാണ്.

MR. ITTOOP ITTEECHAN *(Kunnatnad)*: അങ്ങിനെ ഒരു സ്ഥാപനം നടത്തിവരുന്നുണ്ടെന്നറിയാമോ?

MR. A. THANU PILLAI *(Trivandrum)* : അങ്ങിനെ നടത്തിവരുന്നുണ്ടെങ്കിൽ അതു നന്നായിരിക്കും.

MR. ITTOOP ITTEECHAN *(Kunnatnad)* : ആലുവായിൽ ഇങ്ങിനെ ഒരു മന്ദിരം നടക്കുന്നതായിട്ടു മെംബർക്കറിവുണ്ടോ?

MR. A. THANU PILLAI *(Trivandrum)* : ആലുവായിൽ എന്തോണ്ടു ഒരു മന്ദിരം നടക്കുന്നുണ്ടെന്നറിയാം. അതിന്റെ പൂർണ്ണവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

Anyhow, Sir, I can positively say that a large number of people coming under this category stand very badly in need of help. In this capital city I know the need is very emergent.

As for the municipalities, they are charged with the duty of protecting these persons. But we know, as a matter of fact, the real condition of our municipalities. There is no use of throwing the burden on bodies that are not able even to look after their other legitimate and unavoidable duties. Our municipalities are not in a position to look after their other very necessary municipal functions satisfactorily. Under these circumstances we cannot expect these municipalities to undertake this work also. I strongly urge upon the Government the necessity of seeing to this matter and making adequate provision for establishing homes for the use of disabled destitutes. With these words I commend the resolution for the acceptance of the House.

MR. ITTOOP ITTEECHAN (*Kunnatnad*) : സർ, മി. താണുപിള്ള യുടെ പ്രമേയത്തെ ഞാനും വളരെയധികം പിൻതാങ്ങിക്കൊള്ളുന്നു. നമ്മുടെ തിരുവിതാംകൂറിൽ യാതൊരുഗതിയുമില്ലാതെയും ക്ഷുത്തടക്കാൻ നിവൃത്തിയില്ലാതെയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ ധാരാളമായിട്ടുണ്ട്. അവരെ സഹായിക്കേണ്ടതു് വഞ്ചിരാജ്യത്തിന്റെ ധർമ്മമാകുന്നു. എന്നാൽ ഇവരെ സഹായിക്കുന്നതിനുവേണ്ടി ഒരു സ്ഥാപനം ഏർപ്പെടുത്തി അതിനെ ഗവണ്മെൻറുതന്നെ സംരക്ഷിച്ചുപോരുകയെന്നുള്ളതു് അസാദ്ധ്യമായിട്ടുള്ള ഒന്നാണെന്നാണു് എന്റെഅഭിപ്രായം. എന്നാൽ ഇതിലേക്കു ആരെങ്കിലും മുന്നിട്ടിറങ്ങി പ്രവർത്തിക്കാൻ തയ്യാറുണ്ടെങ്കിൽ അവരുടെ സ്ഥാപനങ്ങൾ പ്രത്യേകം ഗ്രാൻറുകൊടുത്തു സഹായിക്കുന്നതു ഉത്തമമായ ഒരു കാര്യമായിരിക്കും.

MR. N. K. KRISHNA PILLAI (*Neyyattinkara*) : അങ്ങനെയുള്ള സ്ഥാപനങ്ങൾ എവിടെയെല്ലാംഉണ്ടെന്നു മെംബർക്കറിയാമോ?

MR. ITTOOP ITTEECHAN (*Kunnatnad*) : അറിയാം. മിസ്റ്റർ താണുപിള്ള പറയുന്നതുപോലെ സാധുക്കളെ സംരക്ഷിക്ക എന്നുള്ള ഭാരം ഗവണ്മെൻറുതന്നെ ഏല്ക്കയാണെങ്കിൽ പണ്ടു മടിയന്മാർക്കു ഭക്ഷണംകൊടുക്കാമെന്നു നേർന്ന ഒരാളിന്റെ കഥപോലെ ആയിതീരും. ആ ഉദാഹരണം കേൾക്കാൻ താല്പര്യമുള്ളപക്ഷം ഞാനതു പറയാം.

MR. N. K. KRISHNA PILLAI (*Neyyattinkara*): പറയണം.

LIBRARY ARCHIVES Kerala Legislative Assembly

MR. ITTOOP ITTEECHAN (*Kunnatnad*) : പണ്ട് മടിയന്മാക്ക് ആഹാരം കൊടുത്തുകളയാമെന്ന് ഒരാൾക്ക് ഒരു നേച്ചയുണ്ടായിരുന്നു. വലിയ പുരയെല്ലാം കെട്ടി ഭക്ഷണം കൊടുക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തു. "ഞാനും മടിയനാണ്" എന്നുപറഞ്ഞുകൊണ്ട് ധാരാളംആളുകൾ വന്നുതുടങ്ങി കുറേനാൾ കഴിഞ്ഞപ്പോൾ ആഹാരത്തിനു വന്നിരുന്നആളുകളുടെ സംഖ്യവർദ്ധിച്ചുതുടങ്ങി. ഒടുവിൽ ഈ മനുഷ്യന്റെകായ്സ്ഥൻ തന്റെയജമാനനോട് ഇങ്ങനെ ഭക്ഷണംകൊടുക്കാൻ തുടങ്ങിയാൽ ആളുകൾ ക്രമേണ ക്രമേണ വരികയേയുള്ളൂ എന്നു പറഞ്ഞപ്പോൾ, തനിക്ക് അങ്ങിനെഒരു നേച്ചയുണ്ടെന്നും അതിനുവിരോധംവരുത്താൻ പാടില്ലെന്നും പറഞ്ഞു കായ്സ്ഥനെ മടക്കി അയച്ചുകളഞ്ഞു. പിന്നെയും പഴയപോലെതന്നെ കായ്യങ്ങൾ നടന്നുവന്നു. ഈ കായ്സ്ഥൻ കുറെ യോഗ്യനായിരുന്നു. യഥാർത്ഥമടിയന്മാരെകണ്ടുപിടിക്കുന്നതിനു അയാൾ ഒരു സൂത്രംപ്രയോഗിച്ചു. ഒരുദിവസം പന്തലിനു തീവച്ചു. ആളുകൾ ഓരോരുത്തരായി പോയിതുടങ്ങി ഒടുവിൽ പത്തിരുപതുപേർ ശേഷിച്ചു. "എന്താ തീപിടിക്കയില്ലേ. എഴുനേറ്റുപോകരുതോ" എന്ന് അവരോടു ചോദിച്ചപ്പോൾ "തീ അടുത്തുവരട്ടെ അപ്പോൾ പോയിക്കൊള്ളാം" എന്നു മടിയന്മാരായ അവർ സമാധാനം പറഞ്ഞു. ഈ കായ്സ്ഥൻ ഇവരാണ് യഥാർത്ഥ മടിയന്മാർ എന്നു തന്റെ യജമാനനെകാണിച്ചുകൊടുത്തു.

അതിനാൽ ഈ സാധുക്കളെ സംരക്ഷിക്കുന്നകായ്യത്തിലും പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. ആരോഗ്യമില്ലാത്തവരെന്നു ഡാക്ടരെക്കൊണ്ടു സർട്ടിഫൈ ചെയ്യിച്ച് അങ്ങിനെയുള്ളവരെ സംരക്ഷിക്കുന്നതായാൽ ഗവണ്മെന്റു ചെയ്യുന്ന സൽപ്രവൃത്തി ഏറ്റവും ഉത്തമമായിരിക്കുമെന്ന് ഈ സഭയെ അറിയിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. K. GEORGE (*Chief Secretary to Government*) : Sir, there will be no one in this House who is not in sympathy with the noble sentiments that have been given expression to by Mr. Thanu Pillai. Mr. Thanu Pillai has pointed out to us the fact that in this country there is a large number of disabled destitutes who are in need of help, care and attention which their special condition deserves. We know, as a matter of fact, that there is quite a large number of these unfortunate people in the various parts of the State. I cannot give exact statistics. But a reference to the report of the Census of 1921 would give us some figures with regard to the occupation and means of livelihood of disabled people in the State. It is seen that 6674 persons belong to that class. Of these 5790 were vagrants and 924 inmates of asylums.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

This list did not include beggars who are suffering from various infirmities. Statistics of these are also furnished in the Census report. It is seen that there were 7178 persons afflicted by various infirmities. I quote these figures to show that there is in this country a large body of people who are in a helpless condition.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Are all these destitutes?

MR. K. GEORGE (*Chief Secretary to Government*) : These figures do not disclose how many of these are destitutes ; but within this large number you will find many who are disabled destitutes. We are all aware of the condition of these people; how they earn their living, how they lodge and their pitiful condition generally. There is not much demonstration required to prove this. If for instance any member of this House has been moving out in the town this morning, he would have had a demonstration of the matter himself, because Saturday is generally the day for the destitute beggars to roam about, begging money and food from the people. So, there is ample evidence of the existence of these unfortunate class of people in our midst. They are living mostly on the casual charity of the people. We all realise that casual charity is not helpful in any great degree, in a modern organised society. It does not go far. It is unsuited to modern times and quite inadequate. And therefore there is not much doubt as to the need for some organised help for these poor people.

There are a few institutions in this country which are attending in some measure to the needs of these people. I know certain institutions, one or two, which are conducted by certain religious bodies. The member for Kunnatnad mentioned about one such at Alwaye. In the case of that institution, Government have rendered some help. There are also some institutions that give some sort of relief to the indigent poor. For instance there is the Friend-in-Need Society. There are *Kanjipuras* where the poor are fed. I admit that these do not go far enough and I concede that this is not the kind of help that Mr. Thanu Pillai wants.

Now admitting so far, there is one difference between him and me. He says that the State is responsible for the feeding and housing of the disabled destitutes. Well, Sir, I cannot admit that fully. I admit that the State has a final resposibility in the matter of social relief. But what I say is that it is the community that is responsible. It is the community that is primarily responsible for the looking after of the poor, neglected, destitute and homeless people in their midst. The first thing that has to come is an awakened conscience in the community.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Then why should Government establish hospitals?

MR. K. GEORGE (*Chief Secretary to Government*) : That is the function of the State.

LIBRARY ARCHIVES Kerala Legislative Assembly

As I said the first thing that should come about is an awakened conscience in the communities. That there is no such awakening in our community is indeed a serious defect. There are certain avenues existing which ought to be explored. I refer to the provisions that exist in the Municipal Regulation. If there was any strong feeling about this in the country, I am sure, the municipalities which represent the people in the municipal towns would have made some attempts to organise help in the towns, for as we all know the class of people to whom Mr. Thanu Pillai referred is mostly to be found in towns.

MR. N. K. KRISHNA PILLAI (*Neyyattinkara*): Does not the protection of disabled destitutes come under the legitimate functions of a good Government?

MR. K. GEORGE (*Chief Secretary to Government*): I cannot go so far as that. There is an ultimate responsibility on the part of the State. But the primary responsibility would rest with the people themselves. No doubt, in certain western countries which are organised purely on socialistic lines, the State does everything. In countries which are not organised like that, Government do provide poor homes, but with this difference. The responsibility of financing these homes does not rest with the Government. In England this responsibility rests with the parishes. Poor houses are organised and rates are levied in the parishes and help is rendered through such organisations. Municipalities may make provision for giving relief by establishing homes and maintaining them for the destitute persons within their limits. There is, as I said, a provision already existing. What have they done in this matter? Have they realised their responsibility? Have they come forward with any practicable scheme in which they could administer relief to the distressed?

Another direction in which we could do something is this. In various parts of India you will find homes for the destitutes. They are all organised by private philanthropists. Various people make endowments for the maintenance of such institutions. In Travancore there is hardly anything like that. Had we a keen desire to help these people, we could have first resorted to the means available to us. The fact that we have—

MR. MATTHEW MURIKKAN (*Vaikam*): Does the Chief Secretary try to establish that the beggar problem is not so keen in Travancore?

MR. K. GEORGE (*Chief Secretary to Government*): What I am trying to impress upon the attention of the House is that the community has not yet awakened to the real situation. If they had awakened they would have taken some steps to relieve the existing state of things. To depend for everything on Government is not the right way to approach this question. You think that when you represent a matter to the notice of the Government your duty ends with that. That should not be your attitude in this matter.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): Then, may I know from the learned Chief Secretary how he proposes to discharge the ultimate responsibility of Government in the matter?

MR. K. GEORGE (*Chief Secretary to Government*): I will come to that. The first thing is the awakening of the public conscience to support the homeless and the poor. Next is to tap all the existing resources available. Then we can ask the Government to help in the endeavours that we make. Government can help in various ways. Government can subsidise institutions that are maintained by private persons for the relief of disabled destitutes. Government can also pass the necessary legislation for the compulsory segregation of such as ought to be segregated and make provisions in the law requiring able bodied people to work while they are housed in those institutions. I find that a resolution more or less of this type, was passed some time ago in the neighbouring State of Cochin. That was differently worded, but it related more or less to this subject. There the resolution was "This Council recommends to the Government to help the housing of the poor by (*a*) granting loans on easy terms, (*b*) giving subsidies to organisations started on the lines of Public Utility Societies in England, (*c*) insisting on municipal bodies undertaking the modern housing scheme for the benefit of the poor". You will observe the Cochin resolution is that Government should help the organisations that come forward for the housing of the poor. If the resolution under discussion were something to that effect, Government would have had no hesitation to accept it. But as it is, Mr. Thanu Pillai would leave the entire responsibility of his project on the Government. I am afraid this proposal cannot be accepted.

Now let us look at that from the standpoint of practical politics. Suppose there are ten thousand people of the class to which Mr. Thanu Pillai refers to. To house these ten thousand people, I cannot say how many houses will be required. Let us take that a single house can accommodate two hundred persons. How many such houses would be required to accommodate all the ten thousand people? Each house will have to be equipped with various kinds of appurtenances and provision will have to be made for the regular feeding of these two hundred persons for all the 365 days of the year. There should be people in charge of those institutions who, of course, will have to be paid. I think such a house would cost us something like a lakh of rupees. For the putting up of sheds for furnishing, not to speak of their annual maintenance, a lot of money is necessary. And it will house only two hundred persons. Government can only touch at the fringe of the problem. If for two hundred people we require a lakh of rupees, you can imagine how much money we would require for providing convenience for ten thousand people. Where are the funds for that? Are they to be taken from the general revenues of the State? Elsewhere, as I have said, it is the local bodies who pay for the establishment of such homes. Therefore it is not in the region of practical politics to establish homes all over the country for the destitutes. It is only when

LIBRARY ARCHIVES Kerala Legislative Assembly

the whole community realises that responsibility that the Government can do something with the co-operation of the people at large.

It is a problem beyond the financial capacity of this Government to establish and maintain homes for the support of the disabled. Government can supplement the work that is done in these directions by the people at large. It is essentially a matter for private enterprise and public philanthropists. They are the proper people to help in a noble endeavour like this. In a country like this the sentiments of the public at large should be roused. I have already said in what directions Government can help. I regret I am unable to accept the resolution as it stands. But I may assure the House, that Government like every member in the house, are concerned about these poor people. Government are prepared to extend their hearty sympathy if private enterprise comes forward to establish poor homes.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*). സർ, ഈ സഭമുമ്പാകെ അവതരിപ്പിച്ചിട്ടുള്ള അതിപ്രധാനമായ ഈപ്രമേയത്തെ ഞാനും ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു. ചീഫ് സെക്രട്ടറിഅവർകൾ ഇതിലേക്കു പറഞ്ഞിട്ടുള്ള മറുപടി ഒട്ടും സ്വീകാര്യയോഗ്യമായിട്ടുള്ളതല്ല. തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു ധർമ്മരാജ്യത്തെ ഗവർൺമെൻറു ഇതുമാതിരി ഒഴിവുകഴിവുകൾ പറയുന്നതു് ഒട്ടും ഉചിതമല്ലെന്നാണു് എൻെറ അഭിപ്രായം. ഇതുമാതിരിസ്ഥാപനങ്ങൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും സ്ഥാപിക്കേണ്ടതു് ആവശ്യമാണെന്നും ചീഫ്സിക്രട്ടറി അവർകൾ സമ്മതിക്കുന്നുണ്ടു്. ഉദ്ദേശം ൪ ലക്ഷംരൂപാ ചിലവാക്കിയാൽമാത്രമേ ഏതാനുംആളുകളെയെങ്കിലും സംരക്ഷിക്കുന്നതിനു സൌകര്യപ്പെട്ടുകയൊള്ളു എന്നുള്ളതുകൊണ്ടും മറുകാരണവശാലും അതുസാദ്ധ്യമല്ലഎന്നാണു അദ്ദേഹം അഭിപ്രായപ്പെട്ടുന്നതു്.

തിരുവിതാംകൂറിലെ ഭൂരിപക്ഷം ആളുകളും ഹിന്ദുക്കളെന്നു ഗവർൺമെൻറു മനസ്സിലാക്കണം. ഹിന്ദുക്കൾ ധർമ്മവിഷയത്തിൽ ഒട്ടും പിന്നോക്കമല്ല. ഇങ്ങനെ ധർമ്മംചെയ്തു് അവർക്ഷയിച്ചിരിക്കുന്ന ഒരുഘട്ടമാണു് ഇതു്. ഇങ്ങിനെയിരിക്കുന്ന അവസരത്തിൽ ഗവൺമെൻറു ധർമ്മവസ്തുക്കളെ കൈവശപ്പെടുത്തിയിട്ടു ജനങ്ങൾചെയ്യണമെന്നു പറയുന്നതു് ഒട്ടും ഉചിതമായിട്ടുള്ളതല്ല. മുനിസിപ്പൽറ്റ്ലേഷൻ ൫ വ്വ -ാം വകുപ്പു് ന്യൂ-ാംക്ലാസ്സു് ഇതുമാതിരിയുള്ള സ്ഥാപനങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിലും അതുസാദ്ധ്യമല്ല. കാരണം ഒരോമുനിസിപ്പാലിറ്റിയിലേയും ധനസ്ഥിതി അതിനനുവദിക്കുന്നില്ലെന്നുള്ളതാണു്. ഈസംഗതി ഗവർൺമെൻറിനും ഏറക്കുറെ അറിയാവുന്നതാണു്. സമീപകാലത്തു് കുഴിത്തുറആറിൻെറ കരയിൽ ഒരു ആൺകുട്ടിയെ പ്രസവിച്ച രണ്ടുമണിക്കുറിനകം ചിലർ കാണുകയുണ്ടായി. അതിനു അമ്മയാരു്? അമ്മയാരു്?

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

രക്ഷിക്കേണ്ടതു ആരു്? മുൻസിപ്പാലിറ്റി അതിത്തിക്കകത്തായതുകൊണ്ടു അതുമുനിസിപ്പാലിറ്റിപ്രസിഡൻറുതന്നെ രക്ഷിക്കണമെന്നു പറയുകയുണ്ടായി,

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Was it an illegitimate child?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): The child was exposed. That is all I can say.

അതുകൊണ്ടു മുനിസിപ്പാലിറ്റി പ്രസിഡൻറിനു് ഇങ്ങനെചില കുത്തുങ്ങളെ സംരക്ഷിക്കേണ്ടതായി വന്നുകൂടും. സാനിറ്ററി കമ്മിഷണർ അവിടെവന്നു് ചിലരോടു ആ കുഞ്ഞിന്റെ അമ്മയാരു്, അച്ഛനാരു് എന്നു ചോദിച്ചപ്പോൾ എനിക്കറിഞ്ഞുകൂടാ ഗവണ്മെൻറിനോടുതന്നെ ചോദിക്കണമെന്നു മറുപടിപറയുകയുണ്ടായി. അതിനാൽ അനാഥകളായിട്ടുള്ള ഏതാനും സന്താനങ്ങൾക്കെങ്കിലും ഗവണ്മെൻറു ഒരുനിവൃത്തിമാർഗ്ഗം ചെയ്യേണ്ടതാണു്. ഞാൻ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്ന ഏതാനും സംഗതികളെപ്പറ്റി ഗവണ്മെൻറു ഗാഢമായിട്ടു് ആലോചിച്ചുപ്രവർത്തിക്കേണ്ടതാണു്. ഒന്നാമതായി ഒരു ആർഫനേജ് സ്ഥാപിക്കണം. ഈ കാളറാക്കാലത്തു ഉത്തരഇൻഡ്യായിൽനിന്നും ആര്യസമാജക്കാർ ഇവിടെവന്നു് ഒരു ആർഫനേജ് സ്ഥാപിച്ചിട്ടുണ്ടു്. അതുപോലെതന്നെ വടക്കൻ തിരുവിതാംകൂറിൽ ക്രിസ്ത്യാനികളും കാൺവെൻറുതുടങ്ങിയുള്ള ചിലസ്ഥാപനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ഗവണ്മെൻറിൽനിന്നും ഒന്നുസ്ഥാപിക്കുന്നപക്ഷം വലിയപണച്ചിലവുകൂടാതെ കഴിക്കത്തക്കവണ്ണമുള്ള ഒന്നോ രണ്ടോ സംഗതികൾ ഞാൻ നിർദ്ദേശിക്കാം. തിരുവനന്തപുരംഡിവിഷനെതന്നെ രണ്ടോ മൂന്നോഭാഗങ്ങളായി തിരിച്ചു് ഓരോ ആർഫനേജ് ഏർപ്പെടുത്തുക. അതിൽ ഇന്നയിന്നസ്ഥലത്തുള്ള കുട്ടികളെ ഇന്നയിന്നസ്ഥലത്തുതന്നെ കൊണ്ടുപോകണമെന്നു് ഒരു നിർബന്ധവും വയ്ക്കണം. മുനിസിപ്പാലിറ്റിയുള്ള സ്ഥലങ്ങളിൽ ഇതു മുനിസിപ്പാലിറ്റിയുടെ അധീനതയിൽ ആയിരിക്കണം. പഴയകാലത്തു് ഇങ്ങിനെ ഒന്നുതിരുവിതാംകൂറിൽ ആവശ്യമില്ലായിരുന്നു. അന്നു മഹമ്മദീയരും ക്രിസ്ത്യാനികളും തങ്ങളുടെ മതങ്ങളിൽ ആളുകളെ ചേർക്കുന്നതിനുതപിച്ചുകൊണ്ടിരുന്ന ഒരുകാലമായിരുന്നു. കുട്ടികളെ പണംകൊടുത്തു വിലയ്ക്കുമേടിച്ചുപോലും അവർ അന്നു കൊണ്ടുപോയിക്കൊണ്ടിരുന്നു. ഇപ്പോൾ അവരുടെ മതത്തിൽ ധാരാളം ആളുകൾ ഉള്ളതുകൊണ്ടു് ഇതിൽ പ്രിയമില്ലാതെ വന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ ഇതുമാതിരിയുള്ള പുണ്യസ്ഥാപനങ്ങൾ ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ അവക്കുനല്ലഗ്രാൻറുകൊടുക്കണം. ഹിന്ദുമതതത്വം "പത്തിലൊന്നത്ഥികർക്കുദാനവും ചെയ്തീടണം" എന്നാണ്. ഇവിടെ മൂന്നുകോടിരൂപായോളം മുതലെടുപ്പുണ്ട്. ആസ്ഥിതിക്കുചീഫ് സെക്രട്ടറി അവർകാം പറഞ്ഞതിലും വലുതായ്തുക ചിലവാക്കേണ്ടിവന്നാൽതന്നെയും യാതൊരുദോഷവുമില്ല. വല്ലസ്ഥലത്തുനിന്നുംവരുന്ന ഗോസായികൾക്കുകൂടി നാം ധർമ്മം കൊടുക്കുന്നുണ്ട്. അതിനാൽ ഗവർമെൻറു ഇതുമാതിരിയുള്ള സ്ഥാപനങ്ങൾ തുറക്കുകയും അതേസമയംതന്നെ ഇതിൽ ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവക്കു സഹായധനം കൊടുത്തു പ്രോത്സാഹിപ്പിക്കയും ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): ഇങ്ങിനെ ഒരു മന്ദിരം ഏർപ്പെടുത്തുന്നതിനു എത്രആയിരം രൂപാ ചിലവുവരും?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അതാതിൻറെ സ്ഥിതിപോലെയെല്ലാം ചിലവാകും.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): ഉദ്ദേശം എന്തു ചിലവുവരും?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഒരാളിനെ താമസിപ്പിക്കുന്നതിനു ഉദ്ദേശം ൫൦ രൂപാ വരെ ഒരു കാൺവെൻറിൽ ചിലവാകുന്നുണ്ട്. ചെങ്കോട്ടയിൽ ഒരു സ്ഥാപനം മെംബർ ഏർപ്പെടുത്തുന്നപക്ഷം.....

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): അതാതുസ്ഥലത്തു മെംബർമാർതന്നെ സ്ഥാപിക്കണമെന്നു പറയുകയാണോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അല്ല. ഇതുമാതിരി സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നവരെ സഹായിക്കുന്നതിനു ഗവൺമെൻറിൽനിന്നും ഗ്രാൻറു കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ഇപ്പോൾ ഗ്രാൻറുപള്ളിക്കൂടങ്ങൾക്കു ഗവൺമെൻറു സഹായധനം നൽകുന്നുണ്ടല്ലൊ. അതുപോലെ ഗവൺമെൻറു നൽകണമെന്നാണ് പറഞ്ഞതു്.

മുനിസിപ്പാലിറ്റിയിൽ പണമില്ലാത്തതുകൊണ്ടാണ് ഇതുമാതിരി സ്ഥാപനങ്ങൾ ഉണ്ടാക്കാത്തതു്. അല്ലാതെ ഇതിൻറെ ആവശ്യകതയില്ലെന്നു മുനിസിപ്പാലിറ്റി വിചാരിക്കുന്നില്ല. നീക്കിയിരിപ്പില്ലാത്ത മുനിസിപ്പാലിറ്റിക്കു ഗവൺമെൻറു കടം കൊടുത്തെങ്കിലും ഈ വിഷയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ത്തിൽ അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതുകൊണ്ട് ഞാൻ പറഞ്ഞ അഭിപ്രായങ്ങളെയെല്ലാം പ്രത്യേകമാലോചിച്ച് തീരുമാനിച്ചാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): സർ, ഞാൻ ഈ പ്രമേയത്തെ ബഹുമായി പിൻതാങ്ങുന്നു. ദരിദ്രരും ശൈശവം, വാർദ്ധക്യം, രോഗം മുതലായവയാൽ വേലചെയ്യുന്നതിനു അശക്തരും സംരക്ഷിക്കുന്നതിനു വേറെ ആരുമില്ലാത്തവരുമായ ജനങ്ങളെ ഗവണ്മെൻറിൽനിന്നും പ്രത്യേകംസ്ഥാപനങ്ങൾ ഏർപ്പെടുത്തി സംരക്ഷിക്കേണ്ടതത്യാവശ്യമാണ്. രാജ്യമാകുന്ന ഭവനത്തിലെ സന്താനങ്ങൾ തന്നെയാണ് അവരും. ശക്തിയും ധനവുമുള്ള മറ്റു സഹോദരന്മാർക്ക് അവരുടെ മേൽ കരുണയുണ്ടായിരിക്കേണ്ടതും, എന്നാൽ അവരെ സംരക്ഷിക്കുന്നതിനാരുമില്ലെന്നവന്നാൽ ആ ഭാരം ഗവണ്മെൻറുതന്നെ ഏറ്റെടുത്തു നടത്തേണ്ടതും ആകുന്നു. ആനിലയിലാണ് പൌരപ്രതിനിധികളായ ഞങ്ങൾ. ഈ സാധുക്കളായ സഹോദരരെ ഗവണ്മെൻറു സംരക്ഷിക്കണം. അതിനുവേണ്ട വ്യവസ്ഥ ചെയ്യണം. അവരെ അലഞ്ഞു നടന്നു കഷ്ടപ്പെടുവാൻ വിടരുതു്. ഈ ഉദ്ദേശത്തോടെയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതു നടപ്പിൽ വരുത്തുന്നതിനു പല അസൌകര്യങ്ങളുമുണ്ടാകും. ഗവണ്മെൻറിൽനിന്നുതന്നെ നേരിട്ടു അനാഥശാലകളുണ്ടാക്കി ഈ സാധുക്കളെരക്ഷിക്കാൻ തുടങ്ങുമ്പോൾ അനർഹന്മാരായ പലരും അതിൽ ചെന്നുകൂടും. ആക്കൂവേണ്ടി ഈ പണം ചിലവാക്കുന്നുവോ അതു അവർക്കു ശരിയായി നൽകാതെ കായ്യം നടത്തുന്ന മറ്റുപലരും ഒട്ടെല്ലാം അപഹരിച്ചെടുക്കയുംചെയ്യും. ഇങ്ങനെയുള്ള ദോഷങ്ങൾക്കുകൂടിനിവൃത്തിയുണ്ടാക്കേണ്ടതാണ്. ചീഫ് സെക്രട്ടറിഅവർകൾ പറഞ്ഞതു് മതസംബന്ധമായസ്ഥാപനങ്ങളൊ അല്ലെങ്കിൽ ഔദാര്യവാന്മാരായ മറ്റുപൊതുജനങ്ങളൊ ഈമാതിരി സംഗതികളിൽ പുറപ്പെടുന്നപക്ഷം അവരെ ഗവണ്മെൻറുവേണ്ടവിധത്തിൽ സഹായിച്ചു ഈകായ്യം നിർവഹിക്കുന്നപക്ഷം അതു് ഉത്തമമായിരിക്കുമെന്നാണ്. അതുനല്ലതാണ്. തിരുവിതാംകൂറിലെ ഓരോമതക്കാരും പ്രധാനധർമ്മമായിട്ടു സ്വീകരിച്ചിരിക്കുന്നൊന്നാണ് അതു രസംരക്ഷണം. അതിലേക്കു അളകം തയ്യാറുമുണ്ട്. അതിനാൽ ഓരോമതക്കാരെ ഈ ഭാരം ഒട്ടേറെ കയ്യേല്പിക്കുന്നതു നന്നായിരിക്കും. എന്നാൽ ഗവണ്മെൻറുതന്നെ പ്രധാനമായ ചിലപട്ടണങ്ങളിലെങ്കിലും ഇതു

LIBRARY ARCHIVES Kerala Legislative Assembly

മാതിരി സ്ഥാപനങ്ങൾ ഏർപ്പെടുത്തി പത്തോ അൻപതോ സാധുക്ക ളെ വീതം സംരക്ഷിച്ചു നോക്കണം. അതിലുള്ള ഗുണദോഷങ്ങളെന്തെ ല്ലാമാണെന്നു മനസ്സിലാക്കി അതു നടത്തിക്കൊണ്ടു പോകണമെങ്കിൽ ന ടത്തിക്കൊണ്ടുപോകാം. അതല്ല പൊതുജനങ്ങളെ ഏല്പിക്കയാണു നല്ല തെന്നു കണ്ടാൽ അപ്പോൾ അങ്ങനെയും ചെയ്യാം. മതസ്ഥാപനങ്ങൾ ഏറെറടുക്കയാണെങ്കിൽ അവരെ ഏല്പിക്കയും അവർക്കു വേണ്ടധനസഹാ യം ചെയ്തുകൊടുക്കയും ചെയ്യാം. ഏതായാലും ഗവണ്മെൻറുതന്നെ പ്രധാ നപട്ടണങ്ങളിൽ തുടങ്ങുകയാണു് വേണ്ടതു്.

MR. ITTOOP ITTEECHAN (*Kunnatnad*): ഈ സാധുക്കളെ തരം തിരി ച്ചുതാമസിപ്പിക്കണമെന്നോ തരംതിരിക്കാതെ താമസിപ്പിക്കണമെന്നോ മെമ്പറുടെ അഭിപ്രായം?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): സാ ധുക്കൾ എന്നു പറയുന്നതിൻെറ അർത്ഥവിവരണം ഞാൻ ആദ്യംതന്നെ കൊടുത്തുകഴിഞ്ഞു. വേലചെയ്യുന്നതിനു ശേഷിയില്ലാത്തവരും സംരക്ഷി ക്കുന്നതിനു ആളില്ലാത്തവരും, രോഗികളും ആണു് സാധുക്കൾ. എന്നാൽ രോഗികളാകുമ്പോൾ ഓരോരുത്തക്കും ഓരോ തരത്തിലുള്ള ആവശ്യങ്ങ ളുണ്ടാകാം. അതുപോലെതന്നെ രോഗികൾക്കു ഒരുതരത്തിലുള്ള പരി ചരണവും ശിശുക്കൾക്കുമറെറാരുതരത്തിലുള്ള പരിചരണവും വേണ്ടിവ രും. അതിനാൽഇവർക്കു പലതരത്തിലുള്ള ശിശ്രൂഷയാണു് വേണ്ടതു്. അതു കണക്കിനു തരം തിരിക്കയും ചെയ്യാം. അല്ലാതെ ഓരോ വ്യക്തി എന്നു തരം തിരിക്കാൻ പാടില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : ഈ സാധുക്കളെ സംരക്ഷി ക്ക എന്നു പറയുന്നതു് ഇവർക്കു ചതുർവിധവിഭവങ്ങളൊടുകൂടി ഭക്ഷണം കൊടുക്ക എന്നുള്ളതാണോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ചതുർവിധവിഭവങ്ങളൊടുകൂടി ആഹാരം കൊടുത്തു് അവരെ സുഖമായ നിലയിൽ സംരക്ഷിക്കുന്നതു നല്ലതാണു്. (ചിരി) അങ്ങിനെ ചെയ്യണ മെന്നു നിർബന്ധിക്കുന്നില്ല. അല്പവട്ടിണിയായിട്ടും, മുഴപട്ടിണിയായിട്ടും; വെയിലും മഴയുംഏറു് കിടക്കാൻ സ്ഥലമില്ലാതെ റോഡുനീളെ അലഞ്ഞു തിരിയുന്ന സഹോദരന്മാക്കു കിടക്കാൻ സ്ഥലവും ആവശ്യമുള്ള ഭക്ഷണ വും രോഗികൾക്കു ഔഷധവും കൊടുത്താൽ ഇപ്പൊഴത്തേതിൽ ഭേദമാ ണല്ലൊ.

MR. ITTOOP ITTEECHAN (*Kunnatnad*) : അപ്പോൾ സാമാന്യമായ നിലയിൽ സംരക്ഷിച്ചാൽ മതിയെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മതിയാകും.

ഒരുകൃഷിക്കാരനെ അവനുവേലചെയ്യാൻ കഴിയാതെആക്കുമ്പോൾ റോഡുനീളെ അലഞ്ഞു മറ്റുള്ളവരുടെ ഉപദ്രവങ്ങളുമേറുകഷ്ടപ്പെട്ട ചാകാൻവിട്ടേക്കുന്നതുഈരാജ്യത്തിന്റെധർമ്മരാജ്യംഎന്നുള്ള പേരിന്ഒരു കളങ്കമാണു്. കൃഷിക്കാർ വേലക്കുപ്രായം നിമിത്തമോ ദീനം നിമിത്തമോ ഉപയോഗമില്ലാതായ അവരുടെ ജന്തുക്കളെപ്പോലും ഒരു വിധം കൈവെടിയുന്നില്ല. മനുഷ്യന്റെ സ്ഥിതി അതിലും കഷ്ടമാകരുതല്ലൊ. ആതുരസംരക്ഷണശാലകൾ ഉണ്ടാക്കാൻ വേണ്ടിവന്നാൽ അല്പം നികുതി കൂട്ടുന്നതുകൊണ്ടും വിരോധമില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ഓരോ മതസ്ഥാപനങ്ങളും ഇതിലേക്കു മുന്നിട്ടു പ്രവർത്തിക്കുന്നപക്ഷം അവക്കു വേണ്ട സഹായധനം കൊടുക്കണം. ഗവണ്മെണ്ടുമേൽനോട്ടം വഹിച്ചു് അവർ ശരിയായി ഈ പണത്തെ ഉപയോഗിക്കുന്നുണ്ടോ എന്നു പ്രത്യേകം സൂക്ഷിക്കണം.

MR. MURUVELIL PACHU PILLAI (*Shertallai*): ഏതിനത്തിൽ നികുതി വർദ്ധിപ്പിക്കണമെന്നാണു പറഞ്ഞതു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇതിലേക്കു പണമില്ല. കൂടുതൽ പണം ഉണ്ടാക്കണമെന്നു വരുന്ന കാലത്തു് ഈജനപ്രതിനിധി സഭയുമായിട്ടു വേണ്ടവിധത്തിൽ ആലോചിച്ചു നികുതി വർദ്ധിപ്പിക്കാം.

MR. MURUVELIL PACHU PILLAI (*Shertallai*): ഏതിനത്തിലാണു നികുതിക്കൂട്ടേണ്ടതു് എന്നു മെംബർ സഭയംപറയുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതിനെപ്പറ്റി അപ്പോൾ ആലോചിക്കാം.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഇപ്പോൾ സർപ്ലസ് (നീക്കിയിരിപ്പു്) ഉള്ളതായിട്ടുമെമ്പർക്കറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അറിയാം. അതുകൊണ്ടാണു് അപ്പോൾ ആലോചിക്കാമെന്നു പറഞ്ഞതു്.

ജനക്ഷേമത്തിനുവേണ്ടി പണമുണ്ടാക്കാൻ ഗവണ്മെണ്ടിനു ഒരുവിഷമവുമില്ല. ജനക്ഷേമത്തിനുവേണ്ടിപ്രവൃത്തിക്കുവാൻ മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുവാനും ഭരണത്തിൽ വല്ല വൈകല്യങ്ങളുമുണ്ടെങ്കിൽ അവയെ തിരുത്തിക്കൊടുക്കുന്നതിനുമാണല്ലൊ പ്രതിനിധി സഭകൾ ഏർപ്പെടുത്തീട്ടുള്ളതു്. അല്ലാതെ എല്ലാകാര്യങ്ങളിലും ഗവണ്മെൻറിനെ

LIBRARY ARCHIVES Kerala Legislative Assembly

വിഷമിപ്പിക്കാനൊ പണം നഷ്ടപ്പെട്ടത്താനൊ, പരിരക്ഷിനാൽ ജന പ്രതിനിധികൾ ചെയ്യുന്ന ശുപാർശയെ ഗവണ്മെന്റും അംഗീകരിക്കണം.

എന്നാൽ ഇങ്ങനെ ഒരു സ്ഥാപനം ഏർപ്പെടുത്തുന്നപക്ഷവും ഒരു ജോലിയ്ക്കുവാന്മാരായ ആളുകളുടെ അടുക്കൽ ഭിക്ഷക്കു പോകുവാൻപാടില്ലെന്നു നിയന്ത്രിച്ചാൽ അതു കഷ്ടമാണ്. ഇംഗ്ലണ്ടിൽതന്നെയും ഭിക്ഷാടനത്തെ ഖണ്ഡിതമായി തടയുന്ന ഒരു നിയമമുണ്ടെന്നുതോന്നുന്നില്ല. വേലചെയ്യാൻ ശക്തിയില്ലാത്തവരെ രക്ഷിക്കാൻ പൊതുജനങ്ങൾക്കും കടമയുണ്ട്. ഗവണ്മെന്റിനാണ് അധികകടമ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇവരെ ജാതിതിരിച്ചു താമസിപ്പിക്കണൊ, ഒന്നായിട്ടുമതിയൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ജാതി തിരിച്ചു താമസിപ്പിക്കാൻ പാടില്ല. അങ്ങനേവല്ല സ്ഥാപനവുമുണ്ടെങ്കിൽ ഗവണ്മെന്റു അതിനഗ്രാന്റുകൊടുക്കരുത്.

MR. ITTOOP ITTEECHAN (*Kunnatnad*) : അന്യരാജ്യത്തുനിന്നും ധാരാളം സാധുക്കൾ വന്നാൽ അവരേയും താമസിപ്പിക്കണൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈ മന്ദിരത്തിൽ താമസിക്കുന്നതിന് അധികം ആളുകൾ അന്യരാജ്യത്തുനിന്നുവരികയില്ല. കാരാഗൃഹവാസത്തിനു ആരെങ്കിലും പുറത്തുനിന്നു മുൻപൂവ്വം വരുമോ? രോഗികളും അംഗഭംഗമുള്ളവരുമായ ആളുകൾ അന്യരാജ്യത്തുനിന്നും ഇവിടെ വന്നുചേരണ്ടേ? അതു അത്ര എളുപ്പമില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : വന്നാൽ എങ്ങനേയാണു ചെയ്യേണ്ടതു?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അങ്ങനേ അധികം വരുന്നകാലത്ത് ആലോചിച്ചാൽ മതി. തൽക്കാലം ഇതിൽ സ്വദേശി വിദേശിയെന്ന ഭേദബുദ്ധിവേണ്ട. ആസ്പത്രികളിൽ അങ്ങനെയാണല്ലൊ.

MR. MURUVELIL PACHU PILLAI (*Shertallai*): അങ്ങനേയുള്ള ആളുകളെ പോലീസുബന്തവസ്സിൽ തിരുവിതാംകൂർ അയൃത്തി കടത്തി വിട്ടുണ്ടെന്നറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പുറത്തുനിന്നുവരുന്ന ഭിക്ഷുക്കളെ ഭിക്ഷാടനത്തിനു അനുവദിക്കയാണു ചെയ്യുന്നതു. അക്രമികളായി സംഘംചേർന്നുവന്നാൽ പുറത്തുകടത്തിവിടുന്നുമുണ്ട്. അന്യരാജ്യത്തുനിന്നു ഭിക്ഷ എടുക്കുന്നതിനായി ഇവിടെവരു

LIBRARY ARCHIVES Kerala Legislative Assembly

